"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡ് വികസനം - എൽ.എ.ആർ 321/2009-മേലുള്ള ബാലൻസ് തുക കക്ഷിയ്ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.483/2025/LSGD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 17.04.2024 തീയതിയിലെ എ3/1340/2014/ട്രിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.563/2025/ധന തീയതി 21.01.2025

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡ് വികസനത്തിനായി ശ്രീ. മോഹൻദാസിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 321/2009 കേസിൽ ബാലൻസ് തുകയായ 42,405/- രൂപ കോടതിയിൽ നിക്ഷേപിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി അറിയിയ്ക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡ് വികസനത്തിനായി ശ്രീ. മോഹൻദാസിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 321/2009 കേസിന്മേലുള്ള ബാലൻസ് തുകയായ 42,405/- രൂപ (നാല്പത്തി രണ്ടായിരത്തി നാനൂറ്റിയഞ്ച് രൂപാ മാത്രം) പരാമർശം (2) പ്രകാരം "4217-60-800-93-Payment of Compensation in LAR Cases (Plan-Charged") ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുകയിൽ നിന്നും കക്ഷിയ്ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3) പരാമർശം (2) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനവകുപ്പ് (WCD-3/152/2023-ധന(2424869), dated 03.02.2025)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha. T. S
സെക്ഷൻ ഓഫീസർ
Date: 17-02-2025 12:43:52